സംഘസംവാദം

# ഇടശ്ശേരിക്കവിതയിലെ രാഷ്ട്രീയദർശനം

കെ.പി. ശങ്കരൻ

ഇടശ്ശേരി എന്ന വാക്ക് 'ഇടച്ചേരി' എന്നതിനോട് എളുപ്പം ഇണക്കാം. അപ്പോഴാവട്ടെ, മധ്യവർത്തി എന്ന അർഥം അതിൽനിന്ന് എടുക്കയും ചെയ്യാം. മധ്യവർത്തിത്വമെന്നത് അത്ര മാന്യമായ ഇടപാടായിട്ടല്ല ഇന്നു ധരിച്ചുപോരുന്നത്. വെറും തന്ത്രം, തഞ്ചം - ഇങ്ങനെ ഒരു നിലയിലേക്ക് ഇടക്കാലത്തു വച്ച് അതു വീണിരിക്കയാണല്ലോ. എന്നാൽ, ഇടശ്ശേരി നേരിട്ട നില വേറൊന്നായിരുന്നു; അദ്ദേഹത്തിന്റെ കാലത്ത് ഒരുപക്ഷേ, അതിന്റെ അവസാനഘട്ടം ഒഴിച്ചുനിർത്തിക്കൊണ്ടു പറയട്ടെ - ആദർശങ്ങൾ കൂടുതൽ ഗാഢമായ പ്രസക്തിയോടെ സാധാരണക്കാരെപ്പോലും അഭിമുഖീകരിച്ചു. അവയുടെ സമ്മർദവും അന്യോന്യസംഘർഷവും അവർ അനുഭവിച്ചു. അവയെ തിരിച്ചറിയുക. അവയിൽനിന്നു തെരഞ്ഞെടുപ്പു നടത്തുക - എല്ലാം അനിവാര്യമായിരുന്നു. ഈ പ്രതിസന്ധിയിൽനിന്ന് ഉപായത്തിൽ പിൻവലിഞ്ഞവർ അന്നും ഉണ്ടായിരുന്നില്ല എന്നല്ല. എങ്കിലും അകർമണ്യതയ്ക്കും ആത്മഭരിത്വത്തിനും അരാഷ്ട്രീയതയ്ക്കും ഒന്നും ഇന്നത്തെപ്പോലെ സമ്മതിയോ സംഖ്യാബലമോ അന്ന് കൈവന്നിരുന്നില്ല. ഇടശ്ശേരിയാണെങ്കിലോ, ഈ വക സംഗതികളെ ശത്രുക്കളായിത്തന്നെ ഗണിച്ചു; സമൂഹത്തിന്റെ എല്ലാത്തരം ചലനങ്ങളിലും സജീവമായ പങ്കാളിത്തം വരിച്ചു. ഏതാണ്ട് അവസാനകാലത്തെ ഒരു കവിതയിൽ - കടത്തുതോണി' 1972 - അചഞ്ചലമായ ചാരിതാർഥ്യത്തോടെ ഈ വസ്തുത രേഖപ്പെടുത്തിയിരിക്കുന്നു.

"വെറുങ്ങലിപ്പെന്തെന്നുഞാനറിഞ്ഞിട്ടില്ല."

ഇത്ര ത്രസിക്കുന്ന സ്വരത്തിൽ ഇത് ഏററുപറയുന്ന ആളെ സംബന്ധിച്ചിടത്തോളം മധ്യവർത്തിത്വം ഒരിക്കലും ആത്മരക്ഷയ്ക്കുള്ള മാർഗമാവില്ല. തീർച്ചയാണല്ലോ ചലനം, പരിണാമം - ഇതിൽ ഇടശ്ശേരി എപ്പോഴും വിശ്വാസമർപ്പിച്ചു. ചരിത്രം മനുഷ്യനു രചിക്കാവുന്ന ചൈതന്യമാണ് എന്നായിരുന്നു തന്റെ വീക്ഷണം. ആലസ്യത്തെ അതിനാൽ താൻ വെറുത്തു. ഈ നിലപാട് ഒടുക്കമാവുമ്പോഴേയ്ക്കും ഊറികൂടിയതല്ല. ആദ്യമേ ഉരുത്തിരിഞ്ഞിരുന്നതാണ് എന്ന അംശവും വേണം മനസ്സിരുത്തുക. 1933-ലെ രചനയത്രേ 'കൊടുങ്കാററ്', സ്വാഭാവികമായും അല്പം പഴയ പാകത്തിൽ വാർന്നത്. എന്നാൽ, അതിലുമില്ല തന്റെ നിലപാടിനു അന്തരമൊന്നും. കൊടുങ്കാററിന്റെ ആത്മാവിഷ്കാരരൂപത്തിൽ കവി വെളിപ്പെടുത്തുന്നത് അവനവന്റെ നിശ്ചയദാർഢ്യം തന്നെ:

"നിസ്സംഗനല്ല; ലോകപ്രേമത്തിൻ വടംവലി'-
യസ്വസ്ഥനാക്കിത്തന്നെയെന്നെ യിട്ടലട്ടുന്നു;
വാസ്തവമോതാം: ബ്രഹ്മനിർവാണം സ്വാസ്ഥ്യമെങ്കി-
ലീ സ്ഥിതിയത്രേയതിനെക്കാളും മഹത്തരം"

ഇത്തരം ദൃഷ്ടാന്തങ്ങൾ ഇടശ്ശേരിയുടെ കാവ്യജീവിതത്തിന്റെ ഏതു ഘട്ടത്തിലും എളുപ്പം കണ്ടെത്താം.

എന്നിരിക്കേ, പിന്നെ എന്തിനാണു ഇദ്ദേഹത്തോടു ബന്ധപ്പെടുത്താവുന്ന മധ്യവർത്തിത്വം? തുല്യബലങ്ങളായ ആശയങ്ങളുടെയോ ആദർശങ്ങളുടെയോ ഇടയ്ക്കുപെടുമ്പോൾ മനുഷ്യന്റെ ആത്മാർഥതയ്ക്ക് അനുഭവപ്പെടുന്ന നിസ്സഹായത എന്ന് അതിനെ നിർവചിക്കാമോ? നിസ്സഹായതയിൽ ഒരു നിഷേധച്ഛായയുണ്ട്. എന്നാൽ, ഏത് ആശയങ്ങളുടെയും ആദർശങ്ങളുടെയും ഇടയ്ക്കുപെട്ടാലും ശരി വിധിരൂപത്തിലുള്ള നിശ്ചയം പെട്ടെന്നു കൈക്കൊള്ളുക എന്നതായിരുന്നു ഇടശ്ശേരിയുടെ പ്രകൃതം. നിസ്സഹായതയോടെ, ഒന്നും പ്രവർത്തിക്കാതെ നിൽക്കുക എന്നത് അദ്ദേഹത്തിന് ആലോചിക്കാൻ പോലും പ്രയാസമായിരുന്നു. സാഹചര്യങ്ങളോടുള്ള ആത്മാർഥമായ പ്രതികരണം എന്നതുതന്നെ ഇതിന്റെ പൊരുൾ. പോരെങ്കിലോ, സൈദ്ധാന്തികന്റെ അയവില്ലാത്ത പിടിവാശിയല്ല, സാധാരണക്കാരന്റെ അനുഭവനിഷ്ഠമായ നിലപാടാണ് ഇത്തരം സന്ദർഭങ്ങളിൽ അദ്ദേഹം അവലംബിച്ചത്.

ഒരു ഉദാഹരണം ഓർക്കട്ടെ: ഉദാഹരണങ്ങൾ എമ്പാടും ഉണ്ട്. ഏതായാലാണ് ഏറെ ഫലിക്കുക എന്ന ഉൽക്കണ്ഠയോടെ തൽക്കാലം ഒന്ന് ഉപയോഗപ്പെടുത്തുന്നു എന്നേ വിചാരിക്കേണ്ടതുള്ളൂ. വളരെ പ്രശസ്തമാണ് 'ബുദ്ധനും ഞാനും നരിയും' എന്ന കവിത പേരിന്റെ വിശേഷം പ്രത്യേകം ശ്രദ്ധിക്കാതെ പോവരുത്-തന്നെ. ബുദ്ധന്റെയും നരിയുടെയും നടുക്കുപെടുത്തിയിരിക്കയാണല്ലോ. ഇടശ്ശേരിയുടെ ദർശനം ഇഴപേർക്കുമ്പോൾ ഈ വശം തുലോം പ്രധാനമായി തോന്നുന്നു. ദ്വന്ദ്വങ്ങളുടെ സമവർത്തിത്വത്തിലല്ലെങ്കിൽ വേണ്ട, സഹവർത്തിത്വത്തിൽ അദ്ദേഹം വിശ്വസിക്കുന്നു. വെളിച്ചംപോലെ ഇരുട്ടും കലർന്നതാണ് പ്രകൃതിയുടെ ഘടന. ശരി/തെറ്റ്, നേര്/നുണ- ഒന്നും വയ്യ സരളമായി വ്യവച്ഛേദിക്കാൻ.

"തലനാർക്കൊടിയുടെ നൂറാലൊ
രുകനമേലും വരകൊണ്ടല്ലോ
നലമോടതിരു വരച്ചതു ദൈവം
ശരിയും തെറ്റും തമ്മിൽ"

(വിധിയെഴുതുമ്പോൾ)
എന്നും
“ഋതവുമനൃതവും പരകോടിയിൽപ്പക്ഷേ
സ്ഥിതിചെയ്തവരും തമ്മിൽ
തോളുരുമ്മിക്കൊണ്ടല്ലോ”
(നിഴൽപ്പാട്ടിൽ)

എന്നുമെല്ലാം അദ്ദേഹം ഇടയ്ക്കിടെ നിരീക്ഷിക്കുന്നു. കാരുണ്യമാണ് മഹത്തരം, മാനുഷികം എന്നൊരു പ്രഖ്യാപനം നടത്താൻ ഞെരുക്കമില്ല. പക്ഷേ, ആത്യന്തികസന്ദർഭങ്ങളിൽ, പെരുമാറ്റം അതിനു നിരക്കണ്ടേ? ഒട്ടും എളുപ്പമല്ല അത്. എന്തെന്നാൽ, കാരുണ്യംപോലെ ക്രൗര്യവും മനുഷ്യനിൽ മൗലികമായി അടിഞ്ഞുകിടപ്പുണ്ട് എന്ന് ഇടശ്ശേരി മനസ്സിലാക്കുന്നു. കാരുണ്യം/ക്രൗര്യം. അഹിംസ/ഹിംസ ഈ സമസ്യ തന്നെ അഗാധമായി അലട്ടിയിരുന്നതിന്റെ സാക്ഷ്യം ഇടശ്ശേരിയുടെ കാവ്യജീവിതത്തിൽ ഉടനീളം കാണാം. ‘ഋഷിയുടെ ധേനു’, ‘മുള്ളൻചീര’ മുതലായ പഴയ രചനകൾ (യഥാക്രമം 1945, 1954) തൊട്ടേ തുടങ്ങുന്നു അത്തരം സാക്ഷ്യം. ദയ ചിലപ്പോൾ അവിഹിതമാണ് എന്നു വരാം. (അതെ, ‘അവിഹിതം’ എന്നു തന്നെ ‘മുള്ളൻചീരയ്ക്കു’ കൊടുത്ത കുറിപ്പിൽ കവി ഉപയോഗിക്കുന്ന വാക്ക്) ഈ തിരിച്ചറിവ് കവിതയുടെ കലാശത്തിൽ

“വിജയിക്ക മേൽക്കുമേൽ
ക്രൗര്യമേ, സംസ്കാര-
വിഭവത്തിലെന്നുടെ പൈതൃകം നീ”

എന്ന അസന്ദിഗ്ധതയായി ഉറപ്പിച്ചെടുക്കുന്നു.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് ‘ബുദ്ധനും ഞാനും നരിയും’ എന്ന കവിതയിൽ തന്നെ കാരുണ്യത്തിനും ക്രൗര്യത്തിനും ഇടയ്ക്കു നിർത്തിയതിന് നിർണായകമായ പ്രാധാന്യമുണ്ട് എന്ന് മുൻപ് നിരീക്ഷിച്ചത്. ഇതു ശരിക്കും വെളിപ്പെടാൻ, വിശദാംശങ്ങളിലേയ്ക്കു അല്പം കൂടി കടക്കേണ്ടിയിരിക്കുന്നു. അധ്വാനക്കൂലികൊണ്ട് അല്പം അരി വാങ്ങിയതു കിഴികെട്ടി ചുമലിലിട്ട്, അന്തിനേരത്ത്, സ്വന്തം ചെറ്റമാടത്തിലേയ്ക്കു കുതിക്കുന്ന ഒരു നിസ്വനാണ് ഇവിടെ വക്താവ്. അയാളുടെ ധർമസങ്കടം, ഏതു വഴി പോണം എന്നതത്രേ. കുറുക്കുവഴിയിലൂടെ ആണെങ്കിൽ അരമൈൽ ദൂരം; കാട്ടുപാതയാണത്. രാജവീഥിയിലൂടെയോ, ഇരുകാതവും - ഇതാണ് പ്രശ്നം. ഏതായാലും കാലുനീങ്ങിയത് കാട്ടുപാതയിലേയ്ക്കു തന്നെ. (സാധാരണക്കാരന്റെ ഇത്തരം സഹജാവബോധത്തെ മാനിക്കാതിരിക്കാൻ മാത്രം ആദർശഭ്രാന്തൊന്നും ഈ കവിക്കില്ല) ‘മാനത്തിൻ ദംഷ്ട്രം പോലെ’ അമ്പിളിക്കലയെ കണ്ടിട്ടും ഉണ്ടായില്ല അതിനു മാറ്റമൊന്നും കാരണം, ആവതും വേഗം ആ അരിക്കിഴി വീട്ടിലെത്തിക്കുക എന്ന വ്യഗ്രത തന്നെ. അവിടത്തെ ദയനീയ ദൃശ്യം താൻ ഉൾക്കണ്ണാൽ കാണുകയായിരുന്നുവല്ലോ. അവിടെ കുഞ്ഞുങ്ങളുടെയും തള്ളയുടെയും വിശപ്പിന് തെല്ലൊരു ഉപശാന്തിയെടുക്കുക എന്ന തിടുക്കം, നല്ല വഴിക്കുള്ള ഇരുകാതത്തിനു പകരം വനമാർഗത്തിലൂടെയുള്ള അരനാഴിക തെരഞ്ഞെടുക്കാൻ തന്നെ നിർബന്ധിതനാക്കി. എന്നാലോ, അതിനിടയ്ക്കാണ് നരി ചാടിവീഴുന്നത്. മറ്റൊന്നും അപ്പോൾ ആലോചിച്ചില്ല. തൊട്ടുകാണായ ബുദ്ധപ്രതിമ വലിച്ചെടുത്ത് താൻ അതിന്റെ മുതുകത്തു തള്ളി... വീട്ടിലെത്തിയിട്ടോ; ഒട്ടെങ്കിലും വീർത്ത വയറോടെ, കളിയും ചിരിയും കഴിഞ്ഞ് തന്റെ അരുമക്കിടാങ്ങൾ ഉറക്കമായി അൽപം മുൻപ് അവരെ ശപിച്ചിരുന്ന കുടുംബിനിയും ‘മധുരമൊരുമ്മ കൊടുത്ത്’ അവരുടെ ചാരെ നടുചായ്ച്ചു തനിക്കു പക്ഷേ, ശങ്ക: “പരമമീലക്ഷ്യത്തിൽ സമസൃഷ്ടച്ചെഞ്ചോര പുരളാനിയടയായത് തന്റെ തെറ്റല്ലേ? അതിനു സമാധാനവും ഉണ്ട്. “ഇരുകാതം താണ്ടി ഞാൻ വരുവോളം എൻ മക്കൾ പൊരിയുകിൽ, ചാവുകിൽ തെറ്റല്ലെന്നോ?...” ലക്ഷ്യം മാർഗത്തെ സാധൂകരിക്കുമോ, അതോ ലക്ഷ്യവും മാർഗവും ഒരുപോലെ സാത്വികമാവണോ എന്നൊക്കയായി ഈ പ്രകരണത്തിന്റെ ചർച്ച പെരുപ്പിക്കാം. ഇതു സംബന്ധിച്ച് കവിയുടെ സമാപനം ഏതായാലും കൗതുകകരം തന്നെ.

“ഇടയുള്ളോർ വാദിപ്പിൻ, മാർഗവും ലക്ഷ്യവു-
മിടറിയോ, ഞാനൊന്നു തലചായ്ക്കട്ടെ.”

ഇടശ്ശേരിയുടെ രാഷ്ട്രീയ ദർശനത്തിന്റെ സാക്ഷാൽക്കാരമാണ് ഈ കവിത എന്ന കാര്യത്തിൽ സംശയിക്കാനില്ല. ദർശനം കവിതയിലൂടെയാണല്ലോ സമർപ്പിക്കുന്നത്. അപ്പോൾ കവിതയ്ക്കാവശ്യമായ സംവിധാനം അവലംബിച്ചിരിക്കുന്നു. ആഖ്യാനം, അതിന്റെ നാടകീയത, അതിലെ സ്വരഭേദങ്ങൾ- അങ്ങനെ പല അംശങ്ങളും ആ സംവിധാനത്തോടിണക്കി പരിഗണിക്കാം. പക്ഷേ, പ്രധാനം നമ്മുടെ നാട് അന്നു നേരിട്ടിരുന്ന ധർമ സങ്കടത്തെപ്പറ്റി ഇടശ്ശേരിയുടെ നിലപാട് ഇവിടെ പ്രകടമാവുന്നു എന്നതുതന്നെ. 1951 ആണ് ഈ കവിതയുടെ കാലം. ഗാന്ധിജിയെ നാം ഇന്നത്തെപ്പോലെ ഗാഢമായി മറന്നു കഴിഞ്ഞിരുന്നില്ല അന്ന്. എന്നാലോ, അദ്ദേഹത്തിന്റെ മാനുഷികതയും ആദർശവും രാഷ്ട്രീയത്തിന്റെ നിത്യനൈമിത്തികത്തിൽ നിഷ്കർഷിച്ചോളുക എന്നത് മഹാദുർഘടം. അതിന്റെ അപ്രായോഗികത നെഹ്റു അടക്കമുള്ള ഭരണാധികാരികൾ അതിനകംതന്നെ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. “ഗാന്ധിയൻ തത്ത്വസംഹിതയ്ക്കും ദൈനംദിന ഭരണവ്യഗ്രതയ്ക്കുമിടയിൽക്കിടന്ന് എന്റെ നേതാക്കന്മാർ വീർപ്പുമുട്ടുന്നതു കണ്ടപ്പോൾ ഒന്നമർത്തിച്ചിരിക്കാൻ തോന്നിയതിന്റെ ഫലം” എന്നത്രേ ഈ കവിതയെക്കുറിച്ച് ഇടശ്ശേരി സ്വയം നൽകുന്ന വിശദീകരണം.

കറകളഞ്ഞ ഗാന്ധിയനായിരുന്നു ഇടശ്ശേരി എന്ന കാര്യം അവിതർക്കിതമാണ്. ആ അലയാൽ ആകൃ

ഷ്ടനായി. (അതോ ആവിഷ്ടൻതന്നെയോ), കേളപ്പനും മുഹമ്മദ്റഹിമാനും ഒക്കെ അദ്ദേഹം അപദാനം രചിച്ചിട്ടുണ്ട്. വിനോബാജിയുടെ ഭൂദാനപ്രസ്ഥാനത്തെക്കുറിച്ച് രസം പിടിച്ചുതന്നെ എഴുതിയിട്ടുണ്ട്. തിരുനാവായയിൽ നടന്നുപോന്ന സർവോദയ മേളയിൽ, തിരൂരിലെ തുഞ്ചൻപരിപാടിയിലെന്നോണം, താൻ ജീവിച്ചിരുന്നിടത്തോളം കാലം പതിവായി സംബന്ധിച്ചുവന്നു എന്നുവച്ച്, ഗാന്ധിസം എന്ന ആദർശത്തെ, പ്രായോഗികത മാനിക്കാതെ, പാലിക്കുക എന്ന വാശി അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. "ആദർശങ്ങൾ നൂറുശതമാനവും പ്രായോഗികമാകയില്ല. ആയാൽ പിന്നെ അവ ആദർശങ്ങളല്ലാതായിത്തീരുന്നു." അവയെ പ്രത്യക്ഷരം പ്രയോഗികമാക്കാനുള്ള പാഴ്ശ്രമങ്ങളുടെ നേർക്ക് തന്റെ മനോഗതി അല്പം അനാര്യമാണ് എന്നത്രേ. മാപ്പു പറഞ്ഞുകൊണ്ട് അദ്ദേഹം ഇതിനെപ്പറ്റി നൽകുന്ന വിശദീകരണം.

ഈ നിലപാടിനു നിദർശകമാണ് ചൈന ഇന്ത്യയെ ആക്രമിച്ച സന്ദർഭത്തിൽ എഴുതിയ 'പൊട്ടിപുറത്ത്, ശീവോതി അകത്ത്' എന്ന പ്രസിദ്ധ കവിത. ഇരുകൂട്ടരാണ് ഈ ആക്രമണം കൊണ്ടു ഗതികേടിൽപെട്ടത് എന്ന് അന്നു പൊതുവേ നിരീക്ഷിക്കപ്പെടാറുണ്ടായിരുന്നു - ഗാന്ധിയന്മാരും മാർക്സിസ്റ്റുകളും. ഗാന്ധിയനാണ് ഇടശ്ശേരി എന്ന് നേരത്തേ ശ്രദ്ധിച്ചുവല്ലോ. മാർക്സിസത്തിന്റെ നല്ല അംശങ്ങൾ തന്നിലേയ്ക്ക് അദ്ദേഹം സംക്രമിപ്പിക്കയും ചെയ്തിരുന്നു. 'ദ്വിലഗ്നത' എന്നോ എന്തോ ഒരു വലിയ വാക്കുണ്ടല്ലോ, അതെടുത്തു വീശി വേണമെങ്കിൽ ഈ നിലപാടിനെ ദുഷിക്കാം. താൻ അങ്ങനെ ദുഷിക്കപ്പെട്ടിരിക്കുന്നതിനെപ്പററി ഇടശ്ശേരി നേരമ്പോക്ക് പറയുന്നുമുണ്ട്: "ജീവിതപരാജയത്തിന് ഒരു കാരണംകൂടി - കോൺഗ്രസ്സുകാർക്ക് ഞാൻ ചുകന്ന പാർട്ടിക്കാരനാണ്; ചോപ്പന്നോ, ഞാൻ വെള്ളത്തൊപ്പിക്കാരനും!" നേരമ്പോക്കിനു പിറകെ നിർവ്യാജമായ നിരീക്ഷണം രൂപപ്പെടുന്നു. "പക്ഷേ, മറന്നുകൂടാ, കവിയുടെ സ്വൈരജീവിതത്തിന് ഇതിലേറെ ഉപകരിച്ചിട്ടുള്ള മററൊന്നില്ല" (കവിത - എന്റെ ജീവിതത്തിൽ എന്ന പ്രബന്ധം). ഈ സ്വൈരജീവിതത്തിന്റെ ഉദ്ഗമമായി കരുതാം മേലേ സൂചിപ്പിച്ച 'പൊട്ടി പുറത്ത്, ശിവോതി അകത്ത്' എന്ന കവിത. ചൈനീസാക്രമണം ഇടശ്ശേരിയെ നൈതികമായി ചഞ്ചലനാക്കുകയുണ്ടായില്ല എന്നതിനുള്ള രേഖയാണത്. ആദർശങ്ങളോട് അനുവർത്തിക്കേണ്ട സമീപനം നല്ല സ്പഷ്ടമായിരുന്നു എന്നതു തന്നെ കാരണം.

"വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുകതാൻ വരം!"

പ്രായോഗികതയിലുള്ള ധീരമായ ഈ നിഷ്ഠകൊണ്ടേ രാഷ്ട്രീയം സാധാരണ മനുഷ്യരെ സംബന്ധിച്ചിടത്തോളം ഫലപ്രദമാവൂ എന്നു സമർഥിക്കുന്ന കവിതയത്രേ 'തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' (1956). ഇവിടെ 'തകർന്ന തറവാട്ടിനു തൂമ്പായ തയ്യ്'ലെ രക്ഷിക്കുവാൻ വിധിവിശ്വാസിയായ അച്ഛന്റെ സനാതനത്വത്തിനോ ചരിത്രവാദിയായ മകന്റെ വിപ്ലവകാരിതയ്ക്കോ സാധിക്കുന്നില്ല. ഒടുവിൽ നിറകൺകളുമായി അവൾ ഇരുളിലേക്ക് ഇറങ്ങിപ്പോകയാണ് - അന്നുകൂടി കുടുംബത്തിൽ നിറവേറ്റാനുള്ള കൃത്യങ്ങൾ നിശ്ശേഷം നിറവേററിക്കൊണ്ട്. അവളുടെ ഓരോ കാൽവെപ്പും കല്ലിൽ വെച്ചു കുത്തി എന്ന് ഇടശ്ശേരി എടുത്തുകാണിക്കാതിരിക്കുന്നില്ല. രാഷ്ട്രീയത്തിലെ പ്രത്യയശാസ്ത്രത്തർക്കവും പൊരുത്തക്കേടും ആളുകളെ അവഗണിക്കുന്നതിന്റെയും അനാഥരാക്കുന്നതിന്റെയും അസ്സൽ ചിത്രമാണിത്. രക്ഷിക്കേണ്ടവരെ രക്ഷിക്കാതെ തർക്കത്തിൽ തലതല്ലുന്ന രാഷ്ട്രീയം നാളെ കണക്കിനു ശിക്ഷയേൽക്കേണ്ടിവരും എന്ന അഭിമതത്തിന്റെ ആവിഷ്കാരമായി എടുക്കാം. 'കാളയോ കലപ്പയോ' എന്ന കവിത (1951) അതോ ഈ രണ്ടു കവിതകളും എഴുതുന്നത്, നമ്മുടെ രാഷ്ട്രീയത്തിലെ നാനാകക്ഷികളും പല തുച്ഛതകളുടെയും പേരിൽ പൊട്ടിപ്പിളർന്നു തുണ്ടുകളാവുന്നതിനു മുൻപാണെന്നതു മുഖ്യം. 'കളയോ കലപ്പയോ' എന്നത് കൂടുതൽ ഋജുവായി 'അച്ഛനോ മകനോ' എന്നെല്ലാം രൂപഭേദം പ്രാപിച്ചിരിക്കുന്നു ഇന്ന്. ഇടശ്ശേരിയുടെ പ്രവാചകത്വം തിരിച്ചറിയാൻ രസമുണ്ട്. രസിച്ചാൽ മാത്രം പോരാ എന്ന വിവേകം ഇനിയെങ്കിലും നമുക്കുദിക്കുമോ എന്നതു കാര്യം വേറെ!

ഏതായാലും ഈ നിലയ്ക്കു വല്ലതും ഉണർത്തിക്കുക എന്നല്ലാതെ, നേരിട്ടു പഠിപ്പിക്കുകയല്ല കവിതയുടെ നിയോഗം എന്നായിരുന്നിരിക്കണം ഇടശ്ശേരിയുടെ വിശ്വാസം. രാഷ്ട്രീയമായ ഉദ്ബുദ്ധതയുടെ ത്രസിപ്പും ഇതിൽനിന്ന് അദ്ദേഹത്തെ തെറ്റിച്ചിരുന്നില്ല. ഈ വസ്തുത വശ്യമായ ഒരു രൂപത്തിലൂടെ അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളതു ശ്രദ്ധേയമത്രേ: "പരാഗസംക്രമണം കൊണ്ടാണല്ലോ നമ്മുടെ സസ്യവിഭവം പരിപുഷ്ടമാകുന്നത്. ആ മഹാകൃത്യം പൂമ്പാറ്റയുടെ പൊൻചിറകുകൾ നിർവഹിക്കുന്നു." സോദ്ദേശമല്ലാതെതന്നെ അവ ഈ മഹാസേവനം നടത്തുന്നു എന്നു സൂചിപ്പിച്ചശേഷം, പ്രതീകഭാഷ പിടികിട്ടാതെ പോവുമോ എന്നു പേടിച്ചോ എന്തോ, ഇടശ്ശേരി വലിച്ചെറിഞ്ഞ് വസ്തുത പച്ചയാക്കുന്നു. "തനിക്കു സമൂഹബോധം പോരാ എന്നു കവിയോടു തട്ടിക്കയറുന്നതും എനിക്കു സമൂഹത്തോട് ഒരുത്തരവാദിത്വവുമില്ലെന്നു മറുപടി പറയുന്നതും രണ്ട് അതിവാദങ്ങളാണെന്നേ തോന്നിയിട്ടുള്ളൂ. എന്നല്ല, സോഷ്യലിസത്തിലേക്കുള്ള മുന്നേറ്റത്തിൽ ഫലപ്രദമായി പല സംഭാവനകളും ചെയ്യാൻ പാർട്ടിക്കുള്ളിലുള്ളവരേക്കാൾ പുറത്തുനിൽക്കുന്നവർക്കാണ് സാധിക്കുന്നത്. കാരണം, അവർ പരാഗണം തന്നെ നടത്തുന്നു എന്നതാണ്" 'വല്ലാതെ പച്ചയായി'പ്പോയോ? എങ്കിൽ, ആദ്യത്തെ രൂപകത്തെത്തന്നെ ആശ്രയിച്ചു മനോഹരമായ ഒരു വാക്യത്തോടെയാണ് ഈ പ്രകരണം അവസാനിപ്പിക്കുന്നത് എന്നു മറക്കണ്ട. കവിതയുടെ രാഷ്ട്രീയം ചർച്ച ചെയ്യുന്ന ഏതു സന്ദർഭത്തിലും സംഗതമായ ആ ഒരു വാക്യം

ഇങ്ങനെ: "പറക്കുന്നു എന്നു വച്ച് പൂമ്പാറ്റകൾ ബോംബർ വിമാനങ്ങളാകണമെന്നു ശഠിക്കുന്നത് എന്തൊരു വിഡ്ഢിത്തമാണ്!" ('കവിത എന്റെ സങ്കല്പത്തിൽ' എന്ന പ്രബന്ധം)

ശാഠ്യങ്ങളില്ല എന്നതുതന്നെ ഇടശ്ശേരിയുടെ രാഷ്ട്രീയ ദർശനത്തിന്റെ ദീപ്തി. ശാഠ്യം അതിവാദങ്ങളിലേയ്ക്കു നയിക്കും. അങ്ങനെ പാഴാക്കാൻ തനിക്കു സമയമില്ല. ദാരിദ്ര്യത്തിന്റെയും ദൈന്യങ്ങളുടെയും ധാരാളിത്തത്തിലേയ്ക്കാണ് ഇടശ്ശേരി എന്ന വ്യക്തി പെറ്റുവീണത്. ജീവിതം അതിനാൽ മിക്കവാറും അദ്ദേഹത്തിനു സ്വയം സൃഷ്ടിച്ചെടുക്കേണ്ടിവന്നു. അങ്ങനെ കർമത്തിന്റെ പെരുമ അനുഭവത്തിലൂടെ അദ്ദേഹം പഠിച്ചെടുത്തു. തന്റെ ദർശനത്തിന്റെ അടിക്കല്ലായി അതു പാവുകയും ചെയ്തു. അകർമണ്യതയെ അധരവ്യായാമം കൊണ്ടു മറയ്ക്കാൻ വിയർക്കുന്നു എന്നതാവാം പിൽക്കാല രാഷ്ട്രീയത്തെക്കുറിച്ചും ഇടശ്ശേരി പുലർത്തിയിരിക്കാവുന്ന വിമർശം. 1962-ലെ രചനയത്രേ 'ഇന്നത്തെ ചിന്താവിഷയം'. കേരളത്തിന്റെ കാര്യമായ കയറ്റുമതിച്ചരക്ക് വീരവാദമാണ്, അതിവിടെ എത്ര മേനി വിളയുന്നു - നിശ്ചയമില്ല എന്ന് ഇതിൽ തൊടുത്തിരിക്കുന്ന അപഹാസം പിന്നെപ്പിന്നെ ഏറെയേറെ അർഥഗർഭമാവുകതന്നെയാണ് എന്നല്ലേ തോന്നാറ്. വിദ്യാർഥി രാഷ്ട്രീയത്തിന്റെ വിധ്വംസകസ്വഭാവം, കൂടുതൽ ജനകീയമാവുന്നതിന്റെ പേരിൽ നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നഷ്ടപ്പെടുത്തുന്ന സാംസ്കാരികൗന്നത്യം - എല്ലാം അതാതു കവിതകളിൽ ഇടശ്ശേരിയുടെ വിഷാദപൂർവമായ വിമർശനത്തിന് ഇരയാവുന്നു.

കർമമാണ് തന്റെ ഉപനിഷത്ത്-ഉറപ്പുതന്നെ. പക്ഷേ, കർമം ഫലിക്കാൻ ചില കളമൊരുക്കലുകൾ നടത്താതെ വയ്യ എന്നും ഇടശ്ശേരി ഊന്നുന്നുണ്ട്. ചിരകാലം മീൻകൊട്ട ചുമന്ന്, ചില്ലറത്തുട്ടിനുപോലും കളവു കാട്ടാതെ കച്ചവടം ചെയ്ത്, ആയുസ്സ് അക്ഷരാർഥത്തിൽത്തന്നെ തേഞ്ഞ്, ഒടുക്കം പള്ളിക്കാട്ടിൽ അടിഞ്ഞ കുഞ്ഞൂസയേ മുൻനിർത്തി 'ഊർച്ചയും വിത്തൂന്നലും' എന്ന കവിതയിൽ ഇടശ്ശേരി ചോദിക്കുന്നു:

"എന്തവൻ വിതച്ചോരു വിത്തൊന്നും മുളയ്ക്കായ്വാ-
നെങ്ങനെ പതിർപെട്ടു കർമമേ, നിൻ കായ്കളിൽ?"

അനുഭൂതികളില്ലാതെ പലതും നാം പഠിക്കയും പഠിപ്പിക്കുകയും പതിവാണ്. നല്ല വിത്തു നല്ലതേ വിളയിക്കൂ എന്ന പല്ലവിയും അങ്ങനെയൊന്നത്രേ. ഇത് ഏറ്റുപാടാറുള്ളതിനിടെ ഒന്നു നാം വിസ്മരിച്ചു: വിത്ത് ഊന്നുന്നതിനു മുൻപ് നിലം നിരപ്പാക്കലല്ലേ പ്രാഥമികം? അങ്ങനെ, ഇടശ്ശേരിയുടെ രാഷ്ട്രീയത്തിലെ വിപ്ലവബോധം, ആ മനുഷ്യസ്നേഹത്തിന്റെ മറ്റൊരു വിതാനമാണ് എന്നു വരുന്നു.

മതത്തിന്റെ വേലിയും വിടവുമൊന്നും ഈ മനുഷ്യസ്നേഹത്തിനു ബാധകമല്ല. ഇന്ന് മാറാടിന്റെയും ഗുജറാത്തിന്റെയും മറ്റും ഉഷ്ണം വമിക്കുന്ന അന്തരീക്ഷത്തിൽ ഇടശ്ശേരിയുടെ 'ഇസ്ലാമിലെ വൻമല' എന്ന പഴയ കവിത (1950) ഒന്നിരുന്നു വീണ്ടും വായിക്കുന്നതാവും വിവേകിത.

"നൂറു ശതമാനം ഞാനൊരാര്യ-
ക്കൂറും കുടുമയുമുള്ള ഹിന്ദു"

എന്ന് ഇതാരംഭിക്കുന്നു. ഈ ഹിന്ദുവിന്റെ രക്തം തുടർന്നുള്ള ഈരടികളിൽ ഇത്തിരി, തിളയ്ക്കായ്കയും ഇല്ല.

"പയ്യിലും പാമ്പിലും കാവുതോറും
കല്ലിലും കാൺമു ഞാനീശ്വരനെ
കാഫിറെന്നെന്നെ വിളിപ്പവരെ
കാതു കുത്താത്തോരനാര്യൻമാരെ
ഞാനെന്നുമെന്നുമെതിർത്തിടേണം
ചായത്തുണിക്കാരെത്താടിക്കാരെ
കേരളത്തിന്റെ വെളുവെളുപ്പിൽ
കാർമഷി വീഴ്ത്തിയോരാണു നിങ്ങൾ.
നിങ്ങൾക്കും ഞങ്ങൾക്കും മാപ്പിളാരേ,
സംഗരത്തിന്നല്ലോ സംഗതികൾ!"

മററു വ്യഗ്രതകൾക്കിടയിൽ ഇവിടത്തെ സംഘപരിവാരക്കാർ ശ്രദ്ധിച്ചിരിക്കയില്ല ഇങ്ങനെയൊരു കവിതയുള്ള കാര്യം. അല്ലെങ്കിൽ പാടി നടക്കാൻ പററിയ 'സാധനം'! പക്ഷേ, ഇതിലെ ഹിന്ദു വഴിയേ സമ്മതിക്കുന്നു: തോഴനായ അലവിയുടെ രൂപത്തിലാണെങ്കിൽ മാപ്പിള തന്റെ തോളിൽ കൈയിട്ടു നടന്നോട്ടെ എന്ന്!

ഏറെ നീളം, എന്നൊക്കെ നൂറുനൂലാമാല പറയാനുണ്ടാവും; എന്നാലും ഈ 'ഇസ്ലാമിലെ വൻമല' ഇക്കാലത്തു നമ്മുടെ പാഠപുസ്തകത്തിൽ പറ്റിയ സ്ഥാനത്ത് ഉൾപ്പെടുത്തരുതോ? എങ്ങനെ നടക്കാൻ: ഇവിടത്തെ രാഷ്ട്രീയം കക്ഷി-പ്രതികക്ഷി എന്നു മത്സരം നടത്തുന്നു. ആ പാകത്തിനുള്ള ദർശനം വളർത്തുന്നു: അല്ലാതെ അതിനപ്പുറം മനുഷ്യനെ മനുഷ്യനായി തിരിച്ചറിയാനുള്ള ഊർജവും ഉദാരതയും ആർക്ക് എന്നുണ്ടാവാൻ?

അതെന്തായാലും ഇടശ്ശേരിയുടെ രാഷ്ട്രീയ ദർശനം ആ മനുഷ്യദർശനത്തിന് അന്യമല്ല എന്നതുതന്നെ അതിന്റെ യഥാർഥ മഹത്വം.